നം - എൻ2/35011/2015/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 29/06/2015
Email: scholarshipdpi@gmail.com
Phone No. 0471 – 2328438

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2015-16 - ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. കേന്ദ്ര സർക്കാർ കത്ത് എഫ് നം.12/04/2014 - എസ്.എസ്, തീയതി.02/12/2014.
2. കേന്ദ്ര സർക്കാർ കത്ത് എഫ് നം. 12/01/2015 -എസ്.എസ്, തീയതി. 17/03/2015, 22/04/2015
3. 23/06/2015 ലെ ഇതേ നമ്പർ തീരുമാനം.

**നിർദ്ദേശങ്ങൾ:-**

1. കേന്ദ്ര സർക്കാറിന്റെ ഉത്തരവ് അനുസരിച്ച്, എല്ലാ വിഭാഗം സ്കൂളുകളിലെയും I മുതൽ VIII വരെ ക്ലാസ്സുകളിലെ കുട്ടികളുടെ അപേക്ഷകൾ **www.scholarship.itschool.gov.in,** എന്ന സംസ്ഥാന സർക്കാരിന്റെ വെബ്സൈറ്റിലേയ്ക്കും, IX, X ക്ലാസ്സുകളിലെ അപേക്ഷകൾ **National Scholarship Portal** ലിലെ **www.scholarships.gov.in** എന്ന കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിലേയ്ക്കും **Log – in** ചെയ്യുവാൻ സ്കൂളധികാരികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.

2. സ്കൂളിന്റെ പേര്, ഹെഡ്മാസ്റ്ററുടെ മൊബൈൽ നമ്പർ എന്നിവ അടങ്ങിയ അഭ്യർത്ഥന, **scholarship@itschool.gov.in, contact@itschool.gov.in** എന്നീ **ID** കളിലേയ്ക്ക് **E –Mail** ചെയ്ത് സ്കൂളുകളുടെ **School Code, User ID, Password** മുതലായവ ശേഖരിച്ച് ആവശ്യമായ സ്കൂളുകൾക്ക് നൽകേണ്ടതാണ്.

3. മോഡൽ റസിഡൻഷ്യൽ സ്കൂൾ, എം.ജി.എൽ.സി എന്നിവിടങ്ങളിൽ നിന്നുള്ള അപേക്ഷകളുടെ **Verification, Log-in, Up-loading** തുടങ്ങിയ പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടേതാണ്.

4. അൺഎയ്ഡഡ്(അംഗീകൃതം) ഹൈസ്കൂൾ, അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ എന്നീ സ്കൂളുകളിൽ നിന്നുള്ള അപേക്ഷകളുടെ **Verification, Rejection, Submission** എന്നിവ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും, അൺഎയ്ഡഡ്(അംഗീകൃതം) എൽ.പി/യു.പി സ്കൂളുകളിലെ അപേക്ഷകൾ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും ചുമതലയാണ്.

5. ഇന്റർനെറ്റ്, കമ്പ്യൂട്ടർ സംവിധാനമില്ലാത്ത സ്കൂളുകൾക്ക് അപേക്ഷകൾ **Entry** ചെയ്യുന്നതിന് സൗകര്യം ഒരുക്കേണ്ടതാണ്.

6. ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ അപേക്ഷകന്റെ പേരിൽ **Zero Balance Account** ആരംഭിക്കുവാൻ അറിയിപ്പ് നൽകേണ്ടതാണ്.

7. **Aadhaar Number** എടുക്കുവാൻ എല്ലാ വിദ്യാർത്ഥികൾക്കും അറിയിപ്പ് നൽകേണ്ടതാണ്.

8. തെറ്റായ ബാങ്ക് വിവരങ്ങൾ രേഖപ്പെടുത്തുന്ന അപേക്ഷകരെ സ്കോളർഷിപ്പിന് പരിഗണിക്കുകയില്ല എന്ന വിവരം എല്ലാ രക്ഷകർത്താക്കളേയും, വിദ്യാർത്ഥികളേയും അറിയിക്കേണ്ടതാണ്.

9. IX, X ക്ലാസ്സുകളിൽ നിന്നുള്ള അപേക്ഷകളുടെ **Registration** നു വേണ്ടി **Guideline** ക്ലിക്ക് ചെയ്ത് പരിശോധിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **040 - 23120500, 501, 502, 503, 504, 505** എന്നീ നമ്പറുകളിൽ **National Scholarship Portal Help Desk** മായി ബന്ധപ്പെടേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**(ഇൻചാർജ്ജ്)**

**പകർപ്പ് -**
1. **എല്ലാ ഡി.ഡി.മാർക്കും**
2. **എല്ലാ ഡി.ഇ.ഒ മാർക്കും**
3. **എല്ലാ എ.ഇ.ഒ മാർക്കും**

**NB: -** **എല്ലാ സ്കൂൾ അധികാരികൾക്കും (അൺഎയ്ഡഡ് (അംഗീകാരമുള്ളവ), അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.സി സ്കൂളുകൾ ഉൾപ്പെടെ) ഡി.ഇ.ഒ/എ.ഇ.ഒ മാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും, ആവശ്യപ്പെടുന്ന സംശയങ്ങൾ ഈ കാര്യാലയവുമായി ഫോണിൽ ബന്ധപ്പെട്ട ശേഷം തീർത്തുകൊടുക്കേണ്ടതുമാണ്.**